**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6551.** **03.04.2018 ൽ മറുപടിയ്ക്ക്**

**മദ്യശാലകൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ സംസ്ഥാന പാതയോരങ്ങളിൽ 500 മീറ്റർ ദൂരപരിധിയിലുള്ള മദ്യശാലകൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനത്തിൽ നിന്നും നഗരപ്രദേശങ്ങളോട് ചേർന്നതോ പട്ടണസമാനവികസനമോ ഉള്ള പഞ്ചായത്തുകളെ ഒഴിവാക്കിയിട്ടുണ്ടോ; | (എ) | ഈ വിഷയത്തിൽ പൊതു നിർദ്ദേശം നൽകി ബഹു.സുപ്രീംകോടതി 23/02/2018-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 16/03/2018-ലെ ജി.ഒ (എം.എസ്) നമ്പർ.23/2018 നി.വ. അനുസരിച്ച് നിലവിലുള്ള സെൻസസ് പ്രകാരവും പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായും, 10,000 ൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗര സ്വഭാവമുള്ളവയായി കണക്കാക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് കള്ള്ഷാപ്പുകൾക്കും ബാധകമാക്കിയിട്ടുണ്ടോ | (ബി) | ബാധകമാകുന്നതാണ്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ, പൂട്ടിയ എത്ര കള്ള്ഷാപ്പുകൾ തുറക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | കണക്കാക്കിയിട്ടില്ല. വ്യക്തിഗത അപേക്ഷകൾ ലഭിക്കുമ്പോൾ, ടി ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## കേരള സർക്കാർ

### സംഗ്രഹം

നികതി വകുപ്പ്- എക്സൈസ് – ബഹു.സുപ്രീം കോടതിയുടെ എം.എ.നം.690-692/17 സി.എ.12164-12166/2016 ലെ ഉത്തരവ് - മദ്യശാലകൾ പ്രവർത്തിക്കുന്നതിനുള്ള ദൂരപരിധി നിശ്ചയിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

### നികുതി (ജി) വകുപ്പ്

ജി.ഒ.(എം.എസ്) നം.23/2018/നി.വ — തീയതി, തിരുവനന്തപുരം, 16.03.2018

പരാമർശം:- 1. 15/12/2016 ലെ ബഹു.സുപ്രീംകോടതി സി.എ.നം.12164-12166 നമ്പർ കേസ്സിലെ ഉത്തരവ്.

2. ബഹു.സുപ്രീംകോടതി എസ്.എൽ.പി. സിവിൽ നം.10243/2017 കേസ്സിൽ പുറപ്പെടുവിച്ച 11/07/2017 ലെ ഉത്തരവ്.

3. ബഹു.സുപ്രീംകോടതിയുടെ എം.എ.നം.690-692/17 സി.എ.നം.12164-12166 ❀ 2016-ൽ 23/02/2018 ലെ ഉത്തരവ്.

4. എക്സൈസ് കമ്മീഷണറുടെ 28/02/2018 തീയതിയിലെ ഇ.എക്സ്.സി/5378/2016/ എക്സ്.സി7 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാന/ദേശീയ പാതയോരത്ത് നിന്നും 500 മീറ്റർ ദൂരപരിധിക്കകത്തുള്ള പ്രദേശങ്ങളിൽ മദ്യശാലകൾ പ്രവർത്തിക്കുന്നത് തടഞ്ഞുകൊണ്ടും, അന്നേദിവസം നിലവിലുള്ള ലൈസൻസ് സ്ഥാപനങ്ങൾക്ക് 2017 മാർച്ച് 31 വരെ മാത്രം പ്രവർത്തനാനുമതി നൽകിക്കൊണ്ടും, ഇക്കാര്യം നടപ്പിലാക്കുന്നതിന് സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങൾക്ക് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ബഹു.സുപ്രീംകോടതി ഉത്തരവായിരുന്നു.

2. തുടർന്ന് മുനിസിപ്പൽ പ്രദേശങ്ങളിലെ മദ്യശാലകൾക്ക് മേൽപ്പറഞ്ഞ ഉത്തരവിൽ ഇളവ് നൽകി കേന്ദ്രഭരണപ്രദേശമായ ചാണ്ഡീഗഢുമായി ബന്ധപ്പെട്ട പരാമർശം (2) ലെ ഉത്തരവ് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി സ്പഷ്ടീകരണം നൽകി

3. മേൽപ്പറഞ്ഞ ഉത്തരവനുസരിച്ചുള്ള ആനുകൂല്യം തങ്ങളുടെ സംസ്ഥാനങ്ങളിലെ സവിശേഷ സാഹചര്യം പരിഗണിച്ച് ഗ്രാമപ്രദേശങ്ങൾക്കുകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആസാം, മേഘാലയ, പശ്ചിമബംഗാൾ തുടങ്ങി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ എം.എ.നം.690-692/17 നമ്പർ കേസിൽ സത്യവാങ്മൂലങ്ങൾ ഫയൽ ചെയ്തിട്ടുണ്ട്. വികസിത ഭൂപ്രദേശത്തിന്റെ സ്വഭാവ വിശേഷങ്ങളും വൈപുല്യവും പരിഗണിച്ചും 11.07.2017 ലെ ഉത്തരവിലെ മുൻസിപ്പൽ ഏരിയയെന്ന പദപ്രയോഗം ഉപയോഗിച്ച സാഹചര്യങ്ങൾ മുൻനിർത്തിയും ഇക്കാര്യത്തിൽ യുക്തമായ തീരുമാനം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് എടുക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ബഹു.സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്.

4. ബഹു.സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ച് നഗരസ്വഭാവമുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ മദ്യശാലകൾ അനുവദിക്കുന്നത് പരിഗണിക്കണമെന്ന് എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ നാഷണൽ ഹൈവെ/സംസ്ഥാന ഹൈവെകൾ കടന്നുപോകുന്ന പഞ്ചായത്തുകളിലെ ജനസാന്ദ്രതയും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുക്കുമ്പോൾ പഞ്ചായത്തുകൾ പൊതുവിൽ

നഗരസ്വഭാവം ഉള്ളവയാണ്. പരാമർശത്തിലെ ബഹു.സുപ്രീംകോടതി ഉത്തരവനുസരിച്ച് വ്യക്തിഗതമായി മദ്യലൈസൻസിനുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾ, സുതാര്യതയോടെ പരിഗണിക്കുന്നതിന് സെൻസസ് വകുപ്പ്/പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളവയായി കണക്കാക്കാവുന്നതാണെന്നും വിനോദ സഞ്ചാര മേഖലകളായി നികുതിവകുപ്പോ, വിനോദസഞ്ചാരവകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവ വിശേഷങ്ങളുള്ള മേഖലയായി കണക്കാക്കാവുന്നതാണെന്നും സർക്കാർ കരുതുന്നു.

5. മേൽ സാഹചര്യത്തിൽ ബഹു.സുപ്രീംകോടതിയുടെ പരാമർശം (3) ലെ ഉത്തരവനുസരിച്ച് ദേശീയ/സംസ്ഥാന പാതയോരത്തിനു സമീപം മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി (Individual ആയി) പരിഗണിക്കുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു.

1. നിലവിലുള്ള സെൻസസ്/പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളവയായി കണക്കാക്കുന്നതാണ്.

2. വിനോദ സഞ്ചാര മേഖലകളായി നികുതിവകുപ്പോ, വിനോദ സഞ്ചാര വകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവവിശേഷങ്ങളുള്ള മേഖലയായി കണക്കാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ